(ബി) 1924-ലെ സർവ്വേ ഓഫ് ഇന്ത്യയുടെ ടോപ്പോഷീറ്റുകളുടെ അടിസ്ഥാനത്തിൽ വിസ്തൃതിയിൽ വന്നിട്ടുള്ള കുറവ് ജലവിഭവ വകുപ്പ് കണക്കാക്കിയിട്ടില്ല. മറ്റ് വകുപ്പുകളിൽ ഇക്കാര്യത്തിൽ നടപടികൾ കൈക്കൊണ്ടിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) അനധികൃത കയ്യേറ്റങ്ങൾ വകുപ്പ് ഉദ്യോഗസ്ഥരുടെ ശ്രദ്ധയിൽപ്പെട്ടാൽ അധികൃതരെ അറിയിച്ച് വിസ്തൃതി അളന്ന് തിട്ടപ്പെടുത്തുന്നതിനും, കയ്യേറ്റം ഒഴിപ്പിക്കുന്നതിനുമുള്ള ശ്രമം നടത്താറുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പൂർണ്ണ സഹകരണത്തോടെ മാത്രമേ കയ്യേറ്റം ഒഴിപ്പിക്കുന്നത് ഫലപ്രദമായി നടപ്പിലാക്കാൻ സാധിക്കൂ. നഗര പ്രദേശങ്ങളുമായി ചേർന്നു വരുന്ന ഇടങ്ങളിൽ, സാമ്പത്തിക ലഭ്യതയനുസരിച്ച് വേലി നിർമ്മാണം നടത്താറുണ്ട്. സർക്കാർ വിഭാവനം ചെയ്തിട്ടുള്ള നദീ-തണ്ണീർത്തട അതോറിറ്റി ബിൽ നിയമമാക്കുകയും അതിൻ പ്രകാരം സംസ്ഥാന നദി-തണ്ണീർത്തട അതോറിറ്റിയും, നദീ-തണ്ണീർത്തട ബോർഡുകളും നിലവിൽ വന്നാൽ കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതിന് സാധിക്കും.

കരൾമാറ്റ ശസ്ത്രക്രിയ

24 (*83) ശ്രീ. എം. പി. വിൻസെന്റ്:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഗവൺമെന്റ് മെഡിക്കൽ കോളേജുകളിൽ കരൾമാറ്റ ശസ്ത്രക്രിയ ആരംഭിക്കുന്നുണ്ടോ ;

(ബി) ഏതെല്ലാം മെഡിക്കൽ കോളേജുകളിലാണ് കരൾമാറ്റ ശസ്ത്രക്രിയ ചെയ്യുവാൻ സൗകര്യമുള്ളത് ;

(സി) സംസ്ഥാനത്ത് എത്ര രോഗികൾ കരൾമാറ്റ ശസ്ത്രക്രിയക്കായി രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(ഡി) കരൾമാറ്റ ശസ്ത്രക്രിയ എല്ലാ മെഡിക്കൽ കോളേജുകളിലും ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) :

(എ&ബി) നിലവിൽ സർക്കാർ മേഖലയിൽ കരൾമാറ്റ ശസ്ത്രക്രിയ ആരംഭിച്ചിട്ടില്ല. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ കരൾമാറ്റ ശസ്ത്രക്രിയ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) കേരളത്തിൽ 121 രോഗികൾ കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്കായി മസ്തിഷ്ക മരണാനന്തര അവയവദാന പദ്ധതിയായ കെ.എൻ.ഒ.എസി.-ൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ഡി) ഘട്ടംഘട്ടമായി മറ്റ് സർക്കാർ മെഡിക്കൽ കോളേജുകളിലും ഇതിനുള്ള സൗകര്യം ഉണ്ടാക്കുന്നതിനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

മുല്ലപ്പെരിയാർ മേൽനോട്ട സമിതിയുടെ ചുമതലകൾ

25 (*84) ശ്രീ. എസ്. രാജേന്ദ്രൻ :

ശ്രീ. എം. എ. ബേബി :

ശ്രീ. ഇ. പി. ജയരാജൻ :

ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സുപ്രീംകോടതി നിർദ്ദേശപ്രകാരം നിയമിച്ച മുല്ലപ്പെരിയാർ മേൽനോട്ട സമിതിയുടെ ചുമതലകൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ ;

(ബി) പ്രസ്തുത സമിതി അതിന്റെ ചുമതലകൾ നിഷ്പക്ഷമായാണോ നിർവ്വഹിക്കുന്നതെന്നകാര്യം പരിശോധിച്ചിട്ടുണ്ടോ ;

(സി) സമിതി ഏകപക്ഷീയമായി പ്രവർത്തിക്കുമ്പോഴും ബന്ധപ്പെട്ട അധികാര കേന്ദ്രങ്ങൾ പുലർത്തുന്നതായി പറയപ്പെടുന്ന നിസ്സംഗത സംസ്ഥാന താൽപര്യം ഹനിക്കാനിടയാക്കിയെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ ;

(ഡി) ജനങ്ങളുടെ ആശങ്ക അകറ്റാനും സുരക്ഷിതത്വം ഉറപ്പാക്കാനും സ്വീകരിച്ച നടപടികൾ അറിയിക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly